**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1419** **18-01-2021 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിലെ സ്ഥലം കൈമാറ്റ അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആർ.രാജേഷ്** | | **Shri E. Chandrasekharan**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ പമ്പ ഇറിഗേഷൻ പദ്ധതിയുടെ ഉടമസ്ഥതയിൽ ഉള്ള സ്ഥലം രാജാരവിവർമ്മ കോളേജ് ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് കൈമാറുന്നതിന് ഇറിഗേഷൻ (ഐ.ആർ. 179/19) വകുപ്പിൽ നിന്നും 23.9.2019 ൽ ലഭിച്ച നിരാക്ഷേപപത്രം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ജലവിഭവ വകുപ്പിന്റെ നിരാക്ഷേപ പത്രം ഉൾപ്പെടെ I.R.179/19 നമ്പർ ഫയൽ റവന്യൂ വകുപ്പിൽ ലഭ്യമായത് 01/06/2020-ൽ ആണ്. |
| (ബി) | പ്രസ്തുത സ്ഥലം കൈമാറ്റത്തിന് റവന്യൂ വകുപ്പ് (റവ. എ4-1305895) സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | മാവേലിക്കര വില്ലേജ് ബ്ലോക്ക് നം.83, റീസർവ്വേ 8/2ൽ ഉള്ള പമ്പ ജലസേചന പദ്ധതി വക 66 സെന്റ് ഭൂമി രാജാരവിവർമ്മ കോളേജ് ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സ് സെന്ററിന്റെ വികസനത്തിനായി 2 സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്ക് വിധേയമായി കൈമാറി നൽകുന്നതിനുള്ള പ്രൊപ്പോസൽ അനുബന്ധ രേഖകൾ സഹിതം ലാൻറ് റവന്യൂ കമ്മീഷണറുടെ ശുപാർശയോടു കൂടി ലഭ്യമാക്കാൻ ആലപ്പുഴ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ